# മുഖ്യമന്ത്രിയുടെ അഴിമതിക്കേസിൽ ഹിമാചൽ പ്രദേശ് സർക്കാർ എന്തു നടപടിയെടുക്കും

**അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)**

അഴിമതിക്കേസുകളിൽ മുങ്ങിയ ഹിമാചൽ മുഖ്യമന്ത്രി വീർഭദ്ര സിംഗിനെതിരെ സിബിഐ അന്വേഷണം നടത്തണമെന്ന് ബിജെപി. ഈ ആവശ്യം ഉന്നയിച്ചു രാജ്യസഭാ പ്രതിപക്ഷ നേതാവ് അരുൺ ജെയ്റ്റ്ലി പ്രധാനമന്ത്രിക്കു കത്തെഴുതി. അഴിമതിക്കെതിരെ രാഹുൽ ഗാന്ധി കുരിശുയുദ്ധം പ്രഖ്യാപിച്ചതിനു തൊട്ടു പിന്നാലെ വന്ന ഈ ആരോപണം സർക്കാരിനും കോൺഗ്രസ് പാർട്ടിക്കും വൻ പ്രതിസന്ധി ഉണ്ടാക്കിയിരിക്കുകയാണ്.

സംസ്ഥാനത്ത് ജല വൈദ്യുത പദ്ധതി സ്ഥാപിക്കാൻ കരാറിലേർപ്പെട്ട ഒരു കമ്പനിക്ക് ആനുകൂല്യങ്ങൾ നൽകി സിംഗ് തന്റെയും ഭാര്യയുടെയും പേരിൽ യഥാക്രമം ഒന്നരക്കോടി രൂപയും രണ്ടു കോടി രൂപയും ചെക്കു മുഖാന്തിരം കോഴ കൈപ്പറ്റിയെന്നാണ് ആരോപണം.

വെഞ്ചർ എനർജി ആന്റ് ടെക്നോളജി എന്ന സ്വകാര്യ കമ്പനിയിൽനിന്നാണു പണം വാങ്ങിയത്. യഥാസമയം കരാർ പൂർത്തിയാക്കാത്ത കമ്പനിക്ക് പലവട്ടം സമയം നീട്ടിക്കൊടുത്താണ് അവിഹിത സഹായം ചെയ്തത്. പ്രധാനമന്ത്രിക്ക് കത്തെഴുതിയ ജെയ്റ്റ്ലി ഇക്കാര്യത്തിൽ എടുക്കുന്ന നടപടി സോണിയായുടെയും രാഹുലിന്റെയും അഴിമതി വിരുദ്ധ പ്രസംഗങ്ങളുടെ ആത്മാർത്ഥത പരിശോധിക്കപ്പെടുന്നതായിരിക്കുമെന്നു പറഞ്ഞു.

ഈ കമ്പനിയുടെ നടത്തിപ്പുകാരുടെ മറ്റൊരു കമ്പനിയിൽ വീർഭദ്ര സിംഗും കുടുംബവും ഓഹരി പങ്കാളികളാണ്. ഇതുകൂടാതെ നികുതിവെട്ടിപ്പ് ഉൾപ്പെടെ പലകേസുകളിലും മുഖ്യമന്ത്രിക്കെതിരെ ആരോപണമുണ്ടെന്ന് ജെയ്റ്റ്ലി പറഞ്ഞു. അതിൽ കേന്ദ്രത്തിൽ ഇരുമ്പുരുക്കു വകുപ്പു മന്ത്രിയായിരിക്കെ ഒരു സ്ഥാപനത്തിൽനിന്ന് പണം പറ്റിയതിനു വീർഭദ്ര സിംഗിനെതിരെ തെളിവുണ്ടെന്നും ജെയ്റ്റ്ലി വിശദീകരിച്ചു. പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ വീരഭദ്രസിംഗ് ഹിമാചൽപ്രദേശിനെ ഏറ്റവും കൂടുതൽ കാലം സേവിച്ച മുഖ്യമന്ത്രിയാണെന്ന് സൂചിപ്പിക്കുന്നു. കോൺഗ്രസ് പാർട്ടിയുടെ മുതിർന്ന നേതാവാണിദ്ദേഹം. കഴിഞ്ഞ 15 മാസത്തിനിടെ അദ്ദേഹവുമായി ബന്ധപ്പെട്ട ഒട്ടേറെ അഴിമതിക്കേസുകൾ മാധ്യമങ്ങളിലൂടെ പുറത്തുവന്നു. ഇവയോരോന്നും അഴിമതി നിരോധന ചട്ടത്തിന്റെ കീഴിൽ ഗുരുതരമായ കുറ്റമായി വരുന്നവയാണ്.

കേസ് ഒന്ന്: ഡയറിക്കുറിപ്പ്

ഇൻകം ടാക്സ് ഉദ്യോഗസ്ഥർ പ്രമുഖരായ ഇസ്പത് ഗ്രൂപ്പ് സ്റ്റീൽ കമ്പനിയുടെ ഓഫീസ് പരിശോധിച്ചപ്പോൾ ചില ഡയറികൾ കണ്ടുകെട്ടി. 2007 നും 2010 നും ഇടക്ക് ചില പ്രമുഖ വ്യക്തികൾക്ക് അവർ പണം കൊടുത്തതായി അതിൽ കണ്ടെത്തി. സ്റ്റീൽ മന്ത്രാലയത്തിലെ മന്ത്രിയുടെ ജീവനക്കാർക്ക് പണം കൊടുത്തതായി അതിൽ പറയുന്നു. ഇതുകൂടാതെ വിബിഎസ് എന്ന പേരിലും എൻട്രികളുണ്ട്. ഈ കാലയളവിൽ സ്റ്റീൽ മന്ത്രാലയത്തിന്റെ ചുമതല വിബിഎസ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന വീരഭദ്രസിംഗിനായിരുന്നു.

ഹിമാചലിലെ സിംലയിൽ ആനന്ദ് ചൗഹാൻ എന്നയാൾ പഞ്ചാബ് നാഷണൽ ബാങ്കിൽ 524185-ാം നമ്പരിൽ അക്കൗണ്ട് തുറന്ന് അതിൽ അഞ്ചുകോടി രൂപ പണമായി നിക്ഷേപിച്ചു. ഈ അക്കൗണ്ടിൽ നിന്ന് ചെക്കുവഴി വീരഭദ്രസിംഗിന്റേയും ഭാര്യ പ്രതിഭാ സിംഗിന്റേയും മകളുടേയും മകന്റേയും പേരിൽ എൽഐസി പോളിസികൾ എടുത്തു. ആനന്ദ് ചൗഹാൻ ഈ അക്കൗണ്ട് തുറന്നത് വീരഭദ്രസിംഗിനും കുടുംബാഗങ്ങൾക്കും വേണ്ടിയാണെന്ന് വ്യക്തമാണ്.

2009 ലും 10 ലും 11 ലും ഇങ്കം ടാക്സ് വകുപ്പിനു സമർപ്പിച്ച പ്രസ്താവനയിൽ വീരഭദ്രസിംഗ് പ്രഖ്യാപിച്ചത് തന്റെ ആപ്പിൾ തോട്ടത്തിൽനിന്നുള്ള വരുമാനം ഏകദേശം യഥാക്രമം ഏഴു ലക്ഷം രൂപയും 15 ലക്ഷവും 25 ലക്ഷവും മാത്രമാണെന്നാണ്. എന്നാൽ 2008 ജൂൺ 17 ലെ ഒരു കരാർ വഴി വീരഭദ്രസിംഗ് ഈ തോട്ടത്തിന്റെ നടത്തിപ്പ് ബിശംബർദാസ് എന്നയാളിന് കൊടുത്തതായും അദ്ദേഹം പത്തരലക്ഷം രൂപ ഓരോ വർഷവും കൊടുത്തതായും പറയുന്നു. ആനന്ദ് ചൗഹാൻ പണം നിക്ഷേപിച്ചതും അത് എൽഐസി പോളിസികളാക്കി വീരഭദ്രസിംഗിനുവേണ്ടി മാറ്റിയതും വഴി 2012 മാർച്ച് രണ്ടിന് വീർഭദ്രസിംഗ് തന്റെ ഇൻകം ടാക്സ് 6.15 കോടിയായി വർധിച്ചുവെന്ന് രേഖപ്പെടുത്തിയതായും ഏജൻസികൾ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. ഇപ്പോൾ അദ്ദേഹം അവകാശപ്പെടുന്നത് ബിശംബർദാസുമായുള്ള കരാർ മുൻകാല പ്രാബല്യത്തോടെ അപ്രത്യക്ഷമായെന്നും ആനന്ദാണ് പുതിയ കരാറുകാരൻ എന്നുമാണ്.

2002 ജൂൺ നാലിന് ഹിമാചൽപ്രദേശ് സർക്കാർ ജലവൈദ്യുത പദ്ധതിക്ക് വെഞ്ചർ എനർജി ആന്റ് ടെക്നോളജി പ്രൈ.ലി. എന്ന കമ്പനിക്ക് അനുമതി നൽകി. ആ പദ്ധതി നടപ്പാക്കുന്നതിൽ കമ്പനി വീഴ്ച വരുത്തി. അവർ കാലാവധി നീട്ടിച്ചോദിച്ചു. അതിനിടെ 2002 ജൂൺ നാലിലെ കരാർ റദ്ദാക്കി പദ്ധതി എച്ച്പിഇബിയെക്കൊണ്ട് ചെയ്യിക്കാൻ സർക്കാർ തീരുമാനിച്ചു.

എന്നാൽ ആ തീരുമാനം പുനഃപരിശോധിച്ച് പ്രസ്തു കമ്പനിക്കു തന്നെ ജോലികൊടുത്തു. 2013 ഏപ്രിൽ 19-ന് വീണ്ടും വീർഭദ്ര സിംഗ് മുഖ്യമന്ത്രിയായപ്പോൾ മന്ത്രിസഭ പത്ത് മാസം കൂടി കമ്പനിക്ക് അധികസമയം നൽകി, പണം നൽകുന്നതിന് ചില പുതിയ വ്യവസ്ഥകളും വച്ചു.

പ്രസ്തുത കമ്പനിക്ക് അനുകൂലമായി മുഖ്യമന്ത്രി തീരുമാനമെടുത്തതായി സുവ്യക്തമാണ്. അതിന് പ്രത്യുപകാരമായി കമ്പനി ചിലതു ചെയ്തുവെന്ന് രേഖകൾ കാണിക്കുന്നു.

- 17/10/2012 ൽ നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് വീർഭദ്രസിംഗ് സമർപ്പിച്ച ബാധ്യതാ-സ്വത്ത് സത്യവാങ്മൂലത്തിൽ ഈ കമ്പനിയെക്കുറിച്ചോ അവർ പണം കൊടുത്തതിനെക്കുറിച്ചോ പറയുന്നില്ല.
- വീർഭദ്രസിംഗ് രാജിവച്ച മാണ്ഡി പാർലമെന്റ് മണ്ഡലത്തിൽ ഭാര്യ പ്രതിഭാസിംഗ് മത്സരിച്ചപ്പോൾ 30/5/2013 ൽ അവർ സത്യവാങ്മൂലം സമർപ്പിച്ചു. അതിൽ പറയുന്നത് പ്രതിഭക്ക് ഒന്നരക്കോടി രൂപയും വീർഭദ്രസിംഗിന് 2.40 കോടിയും ഈ കമ്പനി വായ്പയായി നൽകിയെന്ന്.
- കമ്പനിയും ഉടമയായ വാകമുള്ള ചന്ദ്രശേഖറും വൻ കടത്തിലാണ്. അവർ കടത്തിൽ മുങ്ങി നിൽക്കെ എങ്ങനെ വായ്പ കൊടുത്തുവെന്നത് വ്യക്തമല്ല.
- വാകമുള്ള ചന്ദ്രശേഖറിന്റെ മറ്റൊരു കമ്പനിയായ താരിണി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് കമ്പനി രജിസ്ട്രാർക്ക് മുന്നിൽ ഫയൽ ചെയ്ത രേഖകൾ പ്രകാരം, 29.9.2012 ലെ സ്ഥിതി അനുസരിച്ച് വീർഭദ്ര സിംഗിന്റെ ഭാര്യ പ്രതിഭാ സിംഗിനും മകൻ വിക്രമാദിത്യ സിംഗിനും മകൾ അപരാജിത കുമാരിക്കും 3,40,000 വീതം ഇക്വിറ്റി ഓഹരി ഈ കമ്പനിയിൽ ഉള്ളതായി പറയുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ ഒഎസ്ഡി അമിത്പാൽ സിംഗിന് 10,000 ഓഹരിയും മേൽപ്പറഞ്ഞ കമ്പനിയിലുണ്ട്.
- ഈ വസ്തുതകളെല്ലാം കാണിക്കുന്നത് വീർഭദ്ര സിംഗിന്റെ ഇടപാടുകൾ വൻ അഴിമതി നിറഞ്ഞതാണെന്നാണ്. ഈ സംഭവങ്ങളിൽ അടിയന്തരമായി സിബിഐയും ഇങ്കം ടാക്സ് ഉദ്യോഗസ്ഥരും ഈ കേസുകൾ അടിയന്തരമായി അന്വേഷിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളണം, ജെയ്റ്റ്ലി അയച്ച കത്തിൽ ആവശ്യപ്പെടുന്നു.